## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** 15.6.2012-ന് മറുപടിക്ക്

### മാലിന്യസംസ്കരണത്തിനായി ഫ്ളാറ്റുകൾക്ക് സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ബെന്നി ബെഹനാൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, പി.എ. മാധവൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യസംസ്കരണത്തിനായി നഗരങ്ങളിലെ ഫ്ളാറ്റ് സമുച്ചയങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;<br><br>ബി) ഫ്ളാറ്റുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | എ) & ബി) ഉറവിടമാലിന്യ സംസ്ക്കരണത്തിന് പ്രാധാന്യം നൽകിപ്രോൽസാഹനം നൽകുന്നതിനുളള പദ്ധതികൾ ആണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ഫ്ളാറ്റുകളിലും സ്ഥാപനങ്ങളിലും ജൈവ അജൈവ മാലിന്യങ്ങൾ അതാത് ഇടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനും പ്രോൽസാഹനം നൽകുന്നതിനുളള നടപടികളാണ് കൈക്കൊണ്ടിട്ടുളളത്. കമ്പോസ്റ്റിംഗ്/ ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കുന്ന ഫ്ളാറ്റ് ഒന്നിന് കുറഞ്ഞത് 15,000 രൂപ സബ്സിഡിയായി ലഭിക്കുന്ന തരത്തിലാണ് സഹായം നൽകുന്നത്. തുടക്കം എന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുളളത്.<br>വെർമി കമ്പോസ്റ്റ് സ്ഥാപിക്കുന്നതിലേക്ക് ഫ്ളാറ്റ് ഒന്നിന് 500 രൂപ ക്രമത്തിൽ കുറഞ്ഞത് 15000 രൂപ ഒരു ഫ്ളാറ്റ് സമുച്ചയത്തിന് എന്ന നിരക്കിൽ സർക്കാർ സബ്സിഡിയായി നൽകുന്നുണ്ട്. 04.01.2012 ലെ |

സർക്കാർ ഉത്തരവ് നമ്പർ 06/12/ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. തുടക്കം എന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| സി) | ധനസഹായം നൽകാനുദ്ദേശിക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങൾക്ക് അനുവദിക്കുന്ന പ്ലാന്റുകളുടെ എണ്ണം എത്രയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ? | സി) | ഫ്ളാറ്റ് സമുച്ചയങ്ങളിൽ മാലിന്യ സംസ്കരണത്തിലേക്കായി അനുവദിക്കുന്ന കമ്പോസ്റ്റ് , വെർമികമ്പോസ്റ്റ്, ബയോ ഗ്യാസ് പ്ളാന്റ് എന്നിവയുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ